IT @ School
GENERAL EDUCATION DEPARTMENT
GOVT. OF KERALA

**IT@SCHOOL STATE PROJECT OFFICE**
(IT project under Directorate of Public Instruction)
VICTERS
(The complete educational channel)
POOJAPPURA P.O., THIRUVANANTHAPURAM-12
Ph: 0471-2529800 Fax: 0471-2529810
E-mail: contact@itschool.gov.in, victers@itschool.gov.in
Website: www.itschool.gov.in, www.victers.itschool.gov.in

നം.ITS/2014/10/1421(12)

തീയതി: 31.10.2014

## സർക്കുലർ

വിഷയം:- **ഐ.ടി@സ്കൂൾ പ്രോജക്ട് - 'സമ്പൂർണ്ണ'യിൽ ഉൾപ്പെടുത്തിയ പത്താം ക്ലാസ് വിദ്യാർത്ഥികളുടെ വിവരങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:-1. 16.10.2014 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഇ.എക്സ്/സി.ജി.എൽ(1)/58900/2014/സി.ജി.ഇ നമ്പർ വിജ്ഞാപനം

2. 31.10.2014-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ITS/2014/10/1421(10) നമ്പർ ഉത്തരവ്

എസ്.എസ്.എൽ.സി പരീക്ഷയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ കഴിഞ്ഞ വർഷങ്ങളിൽ 'സമ്പൂർണ്ണ' ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ മുഖേനയാണ് ശേഖരിച്ചത്. ഈ അധ്യയനവർഷത്തെ (2015 മാർച്ച്) എസ്.എസ്.എൽ.സി പരീക്ഷയിൽ പങ്കെടുക്കേണ്ട വിദ്യാർത്ഥികളുടെ വിശദാംശങ്ങളും സമ്പൂർണ മുഖേനയാണ് ശേഖരിക്കുന്നത്. സൂചന 1 പ്രകാരമുള്ള വിജ്ഞാപനത്തിൽ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ സ്കൂളുകളിൽ നിന്നും സമ്പൂർണയിലുൾപ്പെടുത്തുന്നതിനും തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ അവ വരുത്തുന്നതിനും 31.10.2014 വരെയാണ് സമയം അനുവദിച്ചിരുന്നത്. വിദ്യാർത്ഥികളുടെ ഫോട്ടോ അപ്‌ലോഡ് ചെയ്യുമ്പോൾ ആയത് ഡിസ്പ്ലേ ചെയ്യുന്നതിനും ക്ലാസ്‌തല റിപ്പോർട്ട് എടുക്കുന്നതിനും സമ്പൂർണ്ണയിൽ ചില സാങ്കേതിക പ്രയാസങ്ങൾ അനുഭവപ്പെടുന്നുണ്ട്. ആയതു പരിഹരിക്കുന്നതിനും ക്രമീകരണം ഒരുക്കിയിട്ടുണ്ട്. സ്കൂളുകളിൽ നിന്നും വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ 2014 നവംബർ 10 നകം സമ്പൂർണ്ണയിലുൾപ്പെടുത്തേണ്ടതാണ്. സമ്പൂർണയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഈ അധ്യയനവർഷം (2014-15) പത്താംക്ലാസിൽ പഠിക്കുന്ന സ്കൂൾ വിദ്യാർത്ഥികളുടെ വിവരങ്ങൾ കൃത്യമാണെന്ന് ഉറപ്പുവരുത്തുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. വിദ്യാർത്ഥികളുടെ പേര് (ഇനിഷ്യൽ ഉൾപ്പെടെ) ജനനതീയതി, മേൽവിലാസം തുടങ്ങിയ വിവരങ്ങളിൽ തെറ്റ് വന്നിട്ടില്ലെന്ന് അതത് ക്ലാസ് അധ്യാപകരും പ്രഥമാധ്യാപകരും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
2. നവംബർ 10-ാം തിയതിക്കു മുമ്പായി മുഴുവൻ തിരുത്തലുകളും സമ്പൂർണ്ണയിൽ വരുത്തേണ്ടതാണ്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ജില്ലാ കോർഡിനേറ്റർമാർക്കും
എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (ഡി.ഇ.ഒ മുഖേന)